നം.എച്ച്2/25700/2015. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം. തീയതി: 03/05/2016.

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - അൺഎക്കണോമിക്ക് സ്ക്കൂൾ - തസ്തിക നിർണ്ണയവും/നിയമനാംഗീകാരവും മാർഗ്ഗനിർദ്ദേശങ്ങൾ/സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1) 29/01/2016 ലെ സ.ഉ.(പി) നം.29/2016/പൊ.വി.

2) 06/11/2012 ലെ സർക്കുലർ നം.ജെ2/58604/2012/ജനറൽ എഡ്യൂക്കേഷൻ.

2016 ലെ അദ്ധ്യാപക പാക്കേജിനെ തുടർന്ന് തസ്തിക നിർണ്ണയത്തിനായുള്ള വിദ്യാർത്ഥി അദ്ധ്യാപക അനുപാതം ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പുതുക്കി നിശ്ചയിക്കുന്നതിന് ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അൺഎക്കണോമിക്ക് സ്ക്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുവാൻ മിനിമം കുട്ടികളുടെ എണ്ണം സംബന്ധിച്ച് സർക്കാർ 06.11.2012-ലെ സർക്കുലർ നം. ജെ2/58604/12 അനുസരിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതനുസരിച്ച് തസ്തിക നിർണ്ണയം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള തീയതി 14/04/2016 വരെയായിരുന്നെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അതിനുള്ള അവസാന സമയം **28/04/2016** വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഈ കാര്യാലയത്തിൽ നിന്നും സർക്കുലർ **(എച്ച്2/25700/2015 തീയതി 25/04/2016)** പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലും തുടർന്നുണ്ടായ സ്പഷ്ടീകരണത്തിലും വിദ്യാഭ്യാസ അവകാശ നിയമപ്രകാരം എല്ലാ രേഖകളും കൃത്യമാണെന്നുറപ്പ് വരുത്തിയശേഷം തസ്തിക/നിയമന അംഗീകാരം നൽകേണ്ടതും വിവരം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിവിധ സ്കൂളുകളിൽ നിന്നുള്ള data സമ്പൂർണ്ണ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചുറപ്പു വരുത്തിയാണ് തസ്തിക/നിയമന അംഗീകാരം നൽകുന്നത്. അൺഎക്കണോമിക്ക് സ്ക്കൂളുകളിൽ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ നിയമനാംഗീകാരം കൊടുക്കുന്നതിനോടൊപ്പമുള്ള ഉത്തരവിൽ ചുവടെ കൊടുത്തിട്ടുള്ള പ്രസ്താവന കൂടി ചേർത്ത് സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതാണ്.

"The proposal for approval of appointment/creation of post has been examined and cross-checked with relevant documents/data and found correct. The approval shall be Provisional and subject to verification and concurrence by higher authority including the Super Check Cell officers."

06.11.2012 ലെ സർക്കുലർ പ്രകാരം ഒരു ക്ലാസ്സിൽ ശരാശരി 25 കുട്ടികളെ കുറവു വരികയാണെങ്കിൽ സ്കൂൾ അൺഎക്കണോമിക്ക് വിഭാഗത്തിൽപ്പെടുന്നുവെങ്കിലും, അത്തരം സ്കൂളുകളിൽ ശരാശരി 15 കുട്ടികൾ ഒരു ക്ലാസ്സിൽ ഉണ്ടെങ്കിൽ ടി സ്കൂളിലെ അദ്ധ്യാപക നിയമനം ദിവസവേതനാടിസ്ഥാനത്തിൽ തീരുമാനിക്കുകയും, 06/11/2012 ലെ 58604/ജെ2/2012/പൊ.വി.വ സർക്കുലർ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്കെയിൽ ഓഫ് പേയിൽ അംഗീകരിച്ചു നൽകുന്നതുമാണ്. ഇത്തരത്തിൽ നിയമനം നൽകുന്നതിന് അർഹതയുള്ള അൺഎക്കണോമിക്ക് സ്കൂളുകളുടെ വിവരങ്ങൾ (2011 മുതൽ) ലഭ്യമാക്കുന്നതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഓരോ വർഷത്തിനും പ്രത്യേക ഫോർമാറ്റ് ഉപയോഗിക്കേണ്ടതാണ്. ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് 21.05.2016 ന് മുമ്പ് ഇത് നൽകേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇതിന്റെ ഒരു സമാഹൃത റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് 25.05.2016 ന് സമർപ്പിക്കേണ്ടതും, പ്രസ്തുത റിപ്പോർട്ടിന്റെ കൂടി വെളിച്ചത്തിൽ സൂപ്പർചെക്ക് സെൽ പരിശോധന നടത്തുന്നതും ഏതെങ്കിലും പോരായ്മകൾ/വീഴ്ചകൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

DIRECTORATE OF PUBLIC INSTRUCTION THIRUVANANT...

MS Jaya

പൊതു വിദ്യാഭ്യാസ ഡയറക്ടർ

A.M

# പ്രൊഫോർമ

**അൺഎക്കണോമിക് സ്കൂളുകളിലെ നിയമനങ്ങൾ സംബന്ധിച്ചുള്ള വിവരശേഖരണം**

**(ശരാശരി 15 കുട്ടികളിൽ കൂടുതൽ ഒരു സ്റ്റാൻഡേർഡിലുള്ള സ്ക്കൂളുകൾ)**

**റവന്യൂജില്ല** **വർഷം**

| ക്രമ നം | സ്കൂളിന്റെ പേര് | സ്റ്റാൻഡേർഡ് — മുതൽ — വരെ | കുട്ടികളുടെ എണ്ണം | | അദ്ധ്യാപകരുടെ എണ്ണം | | നിയമിയ്ക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | മുൻ വർഷം | തൻ വർഷം | മുൻ വർഷം | തൻ വർഷം | മുൻ വർഷം | തൻ വർഷം | |
| | | | | | | | | | |

N.B. 1. അദ്ധ്യാപകരുടെ എണ്ണം തസ്തിക തിരിച്ച് പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം തസ്തിക തിരിച്ച് പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതാണ്.